# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
## തിരുവനന്തപുരം -695033

നമ്പർ-ബി1/33870/2020/സം.തി.ക തീയതി: 16.12.2020

വിഷയം :- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - പൊതു തിരഞ്ഞെടുപ്പ് 2020- പൊതുതിരഞ്ഞെടുപ്പിനു ശേഷം പുതിയതായി രൂപീകരിക്കുകയോ പുനർ രൂപീകരിക്കുകയോ ചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ചെയർമാൻ , വൈസ് ചെയർമാൻ, മേയർ, ഡെപ്യൂട്ടി മേയർ എന്നിവരുടെ തിരഞ്ഞെടുപ്പ്- മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന :- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 13.12.2020- ലെ ഇതേ നമ്പർ സർക്കുലർ.

## സർക്കുലർ

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് 2020 ഡിസംബർ 8, 10, 14 തീയതികളിൽ നടന്ന പൊതുതിരഞ്ഞെടുപ്പിനെ തുടർന്ന് ഡിസംബർ മാസം 21 -ാം തീയതി പുതിയതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ / കൗൺസിലർമാരുടെ സത്യപ്രതിജ്ഞ / ദൃഢപ്രതിജ്ഞ ചെയ്യിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വിശദീകരിച്ച് സൂചന പ്രകാരം കമ്മീഷൻ സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

1994 –ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 153 -ാം വകുപ്പും 1994- ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 12 -ാം വകുപ്പും അനുബന്ധ ചട്ടങ്ങളും പ്രകാരം ഒരു പഞ്ചായത്ത്/ മുനിസിപ്പാലിറ്റി / മുനിസിപ്പൽ കോർപ്പറേഷൻ രൂപീകരിക്കുകയോ പുനർ രൂപീകരിക്കുകയോ ചെയ്തു കഴിഞ്ഞാൽ അതിന്റെ പ്രസിഡന്റിനേയും വൈസ് പ്രസിഡന്റിനേയും/ ചെയർമാനേയും വൈസ് ചെയർമാനെയും / മേയറേയും ഡെപ്യൂട്ടി മേയറേയും തിരഞ്ഞെടുക്കുന്നതിനായി ആ പഞ്ചായത്തിലെ / മുനിസിപ്പാലിറ്റിയിലെ / മുനിസിപ്പൽ കോർപ്പറേഷനിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ / കൗൺസിലർമാരുടെ ഒരു യോഗം, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിലേയ്ക്ക് സ്ഥാനനിർദ്ദേശമോ നാമനിർദ്ദേശമോ ചെയ്യുന്ന ഉദ്യോഗസ്ഥൻ വിളിച്ച് ചേർക്കേണ്ടതാണ്. ഇപ്രകാരം 21.12.2020

ന് സത്യപ്രതിജ്ഞ/ ദൃഢ പ്രതിജ്ഞ ചെയ്ത് പുനർ രൂപീകരിക്കപ്പെടുന്ന പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷനുളിലെ അദ്ധ്യക്ഷൻമാരെയും ഉപാദ്ധ്യക്ഷൻമാരെയും തിരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് , ജില്ലാ പഞ്ചായത്ത് എന്നിവയിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിന് വരണാധികാരിയായി അതാത് പഞ്ചായത്തുകളിലെ വരണാധികാരികളെയാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ചുമതലപ്പെടുത്തിയിട്ടുള്ളത്. (വിജ്ഞാപനം നമ്പർ : 220/2020/സംതിക, തീയതി 17/09/2020)
2. മുനിസിപ്പൽ കോർപ്പറേഷനുകളെ സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെയാണ് മേയർ, ഡെപ്യൂട്ടി മേയർ തിരഞ്ഞെടുപ്പിന്റെ വരണാധികാരികളായി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ മുനിസിപ്പാലിറ്റികളെ സംബന്ധിച്ച് ചെയർമാൻ, വൈസ് ചെയർമാൻ തിരഞ്ഞെടുപ്പിന്റെ വരണാധികാരികളായി 17.09.2020–ലെ 221/2020/സംതിക നമ്പർ വിജ്ഞാപന പ്രകാരമുള്ള ഉദ്യോഗസ്ഥരെയാണ് ഇതിലേയ്ക്ക് ചുമതലപ്പെടുത്തിയിട്ടുള്ളത്.
3. മുനിസിപ്പൽ കൗൺസിലുകൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയിലെ ചെയർമാൻ / മേയർ തിരഞ്ഞെടുപ്പ് 28.12.2020 (തിങ്കൾ) -ാം തീയതി രാവിലെ 11 മണിക്കും വൈസ് ചെയർമാൻ, ഡെപ്യൂട്ടി മേയർ എന്നിവരുടെ തിരഞ്ഞെടുപ്പ് 28.12.2020 (തിങ്കൾ) -ാം തീയതി ഉച്ചയ്ക്ക് ശേഷം 2 മണിക്കും നടത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയെ സംബന്ധിച്ച് പ്രസിഡന്റ് തിരഞ്ഞെടുപ്പ് 30.12.2020 (ബുധൻ) -ാം തീയതി രാവിലെ 11 മണിക്കും വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പ് 30.12.2020 (ബുധൻ) -ാം തീയതി ഉച്ചയ്ക്ക് ശേഷം 2 മണിക്കും നടത്തേണ്ടതാണ്.
4. മേൽപ്പറഞ്ഞ ആവശ്യത്തിലേയ്ക്ക് ചുമതലപ്പെടുത്തിയിട്ടുള്ള വരണാധികാരികൾ ഇതിലേയ്ക്ക് യോഗം നടത്തുന്ന തീയതി, സമയം, സ്ഥലം എന്നിവ കാണിച്ച് നിശ്ചിത മാതൃകയിലുള്ള (അനുബന്ധം 1) നോട്ടീസ്, കഴിയുന്നതും അംഗങ്ങൾ / കൗൺസിലർമാർ പ്രതിജ്ഞ എടുക്കുന്ന ആദ്യ യോഗത്തിൽ വച്ചുതന്നെ അംഗങ്ങൾക്ക് രേഖാമൂലം നൽകേണ്ടതാണ്. അത്തരം നോട്ടീസിന്റെ പകർപ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.
5. മേൽപ്പറഞ്ഞ, അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ എന്നിവരുടെ തിരഞ്ഞെടുപ്പിന്റെ കാര്യത്തിൽ നോട്ടീസ് കുറഞ്ഞത് മൂന്ന് പൂർണദിവസങ്ങൾക്ക് മുമ്പ് നൽകേണ്ടതാണ്. ഇപ്രകാരം കണക്കാക്കുമ്പോൾ ഞായറാഴ്ചയും അവധി ദിവസങ്ങളും ഉൾപ്പെടുത്തേണ്ടതും എന്നാൽ യോഗം ചേരുന്ന തീയതിയും നോട്ടീസ് നൽകിയ തീയതിയും ഒഴിവാക്കേണ്ടതുമാണ്.
6. മേൽപ്പറഞ്ഞ തീയതിയിൽ കൂടുന്ന യോഗത്തിൽ വോട്ടവകാശമുള്ള അംഗങ്ങളുടെ പകുതിയെങ്കിലും എണ്ണം അംഗങ്ങൾ ഹാജരില്ലായെങ്കിൽ, യോഗം